ഉത്തരം

(എ ആന്റ് ബി) കിൻഫ്ര സ്ഥാപിച്ചിട്ടുള്ള വിവിധ വ്യവസായ പാർക്കുകളിൽ കുറഞ്ഞത് പത്ത് സെന്റ് സ്ഥലം മുതൽ ഭൂമി, വ്യവസായ സംരംഭകർക്ക് വ്യവസായം തുടങ്ങാൻ നൽകുന്നുണ്ട്. ആയിതിനാൽ എത്ര വ്യവസായ യൂണിറ്റുകൾ സ്ഥാപിക്കാൻ കഴിയുമെന്ന് മുൻകൂട്ടി പറയുവാൻ കഴിയുകയില്ല. ഓരോ പാർക്കുകളിലും വ്യവസായികൾ ഏറ്റെടുക്കുന്ന സ്ഥലത്തിന്റെ വിസ്തൃതി അനുസരിച്ച് മാത്രമേ മൊത്തം യൂണിറ്റുകളുടെ എണ്ണം കണക്കാക്കാൻ സാധിക്കുകയുള്ളൂ.

കിൻഫ്ര ഇപ്പോൾ പണി പൂർത്തിയാക്കി സ്ഥലം അലോട്ട് ചെയ്ത് തുടങ്ങിയ വിവിധ പാർക്കുകളിൽ സ്ഥാപിച്ചിട്ടുള്ള യൂണിറ്റുകളെ കുറിച്ചുള്ള വിശദവിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്. †

(സി) അവയിൽ വിദേശികൾ സ്ഥാപിച്ചിട്ടുള്ള യൂണിറ്റുകൾ ഒന്നും ഇല്ല.

വിവിധ ഡിപ്പാർട്ടുമെന്റുകളുടെ കമ്പ്യൂട്ടർവൽക്കരണം

61 [2188] ശ്രീ. കോവൂർ കുഞ്ഞുമോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വിവിധ ഡിപ്പാർട്ടുമെന്റുകളുടെ കമ്പ്യൂട്ടറൈസേഷനുമായി ബന്ധപ്പെട്ട് എത്ര രൂപയുടെ കമ്പ്യൂട്ടർ വാങ്ങിയിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(ബി) ഏതെല്ലാം ഡിപ്പാർട്ട്മെന്റുകൾ പൂർണ്ണമായും കമ്പ്യൂട്ടർവൽക്കരിച്ചു.

(സി) ഓരോ ഡിപ്പാർട്ട്മെന്റിനും എത്ര തുകയുടെ കമ്പ്യൂട്ടർ വാങ്ങി എന്ന് വ്യക്തമാക്കുമോ;

(ഡി) ഓരോ ഡിപ്പാർട്ട്മെന്റിലേയും ജീവനക്കാർക്ക് കമ്പ്യൂട്ടർ പരിശീലനം നൽകാൻ എന്തു തുക ചെലവിട്ടു എന്ന് വ്യക്തമാക്കുമോ;

(ഇ) കമ്പ്യൂട്ടർ പരിശീലനം നൽകുന്ന സ്ഥാപനങ്ങൾ ഏതെല്ലാമാണെന്നും അവയെ തെരഞ്ഞെടുത്ത മാനദണ്ഡം എന്തെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ—ഡി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

(ഇ) വിവരസാങ്കേതിക രംഗത്ത് പ്രാഗൽഭ്യമുള്ള കേന്ദ്ര സംസ്ഥാന ഏജൻസികളായ കെൽട്രോൺ, സി-ഡിറ്റ്, എൽ.ബി.എസ്. സെന്റർ ഫോർ സയൻസ് ആന്റ് ടെക്നോളജി, സി-ഡാക്ക് (C DAC), ഐ.എച്ച്.ആർ.ഡി. (I.H.R.D.), എൻ.ഐ.സി. (N.I.C.) എന്നീ സ്ഥാപനങ്ങൾ കമ്പ്യൂട്ടർ പരിശീലനം

† നിയമസഭാ ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

നൽകുന്നുണ്ട്. വിവരസാങ്കേതിക രംഗത്ത് പ്രാഗൽഭ്യമുള്ള കേന്ദ്ര/സംസ്ഥാന ഏജൻസികളെയാണ് ഐ.ടി. വകുപ്പ് ടോട്ടൽ സൊല്യൂഷൻ പ്രൊവൈഡേഴ്സ് (ടി.എസ്.പി.) ആയി അംഗീകരിച്ചിട്ടുള്ളത്. ഈ ടോട്ടൽ സൊല്യൂഷൻ പ്രൊവൈഡേഴ്സ് (ടി.എസ്.പി.) ആണ് കമ്പ്യൂട്ടർ പരിശീലനം നൽകുന്ന സ്ഥാപനങ്ങൾ.

വിവരസാങ്കേതിക വിദ്യമൂലമുള്ള വികാസം

62 [2189] ശ്രീ. സ്റ്റീഫൻ ജോർജ്:
ശ്രീമതി എലിസബത്ത് മാമ്മൻ മത്തായി:
ശ്രീ. തോമസ് ഉണ്ണിയാടൻ:
„ ജോസഫ് എം. പുതുശ്ശേരി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവരസാങ്കേതിക വിദ്യകൊണ്ട് കൃഷിയുൾപ്പെടയുള്ള സംസ്ഥാനത്തെ വിവിധ മേഖലകളിലെ കാര്യക്ഷമത, ഉൽപ്പാദനക്ഷമത എന്നിവയിൽ ഉണ്ടാകുന്ന വികാസം എന്തെന്നും എപ്രകാരമെന്നും വിശദീകരിക്കാമോ;

(ബി) ഇന്റർനെറ്റ്, വെബ്സൈറ്റ് തുടങ്ങിയ സംവിധാനങ്ങൾ വളർത്തിയെടുക്കുവാൻ സർക്കാർ കൈക്കൊള്ളുന്ന നടപടികൾ വ്യക്തമാക്കാമോ;

(സി) ഇൻഫർമേഷൻ ടെക്നോളജിയുടെ വ്യാപനം ഏതെല്ലാം മേഖലകളിലാണെന്നും അതുകൊണ്ടു കൈവരാവുന്ന നേട്ടങ്ങളെന്തെന്നും വെളിപ്പെടുത്താമോ;

(ഡി) ഇന്ത്യയെ വളർത്തുന്നതിലും വികസിത രാജ്യങ്ങളുടെ ഒപ്പമെത്തിക്കുന്നതിലും ഐ.ടി. എങ്ങനെ സഹായകമാകും എന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ) കൃഷിക്കാർക്ക് അവരുടെ കാർഷിക ഉൽപ്പന്നങ്ങൾക്ക് ഏറ്റവും നല്ല വിപണി ലഭ്യമാക്കുക, നൂതന കൃഷി രീതികൾ, കാർഷിക രംഗത്തെ വികാസങ്ങൾ തുടങ്ങിയ അറിവുകൾ, ലഭ്യമാക്കുന്നതിന് വിവരസാങ്കേതിക വിദ്യ സഹായിക്കുന്നു. കൃഷിക്കു പുറമെ ആരോഗ്യം, വിദ്യാഭ്യാസം, തൊഴിൽ തുടങ്ങിയ നിരവധി മേഖലകളിൽ അനുദിനം വർദ്ധിച്ചു വരുന്ന അറിവ് ജനങ്ങൾക്ക് പൊതുവായും ആവശ്യക്കാർക്ക് പ്രത്യേകിച്ചും എത്തിച്ചു കൊടുക്കുകയും ഈ മേഖലകളിൽ പ്രവർത്തിക്കുന്നവർക്ക് കൂടുതൽ വൈദഗ്ധ്യം പ്രധാനം ചെയ്യുകയും ചെയ്യുന്ന അത്യാധുനിക ഉപാധിയാണ് ഡിജിറ്റൽ ഇൻഫർമേഷൻ.

(ബി) വിവിധ സർക്കാർ വകുപ്പുകൾ സ്വന്തമായി വെബ്സൈറ്റുകൾക്ക് രൂപം നൽകിയിട്ടുണ്ട്. സർക്കാരിന്റെ ഔദ്യോഗിക വെബ്സൈറ്റായ www.kerala.gov.in.-നുമായി ഇവയെ ബന്ധിപ്പിച്ചിട്ടുണ്ട്. സർക്കാർ വകുപ്പുകളുടെ പൊതുവിവരങ്ങൾ, പദ്ധതികൾ, സേവനങ്ങൾ, അപേക്ഷാഫോറങ്ങൾ,

LIBRARY ARCHIVES Kerala Legislative Assembly